# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 487 04-02-2020 ലെ മറുപടിക്ക്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റോജി എം. ജോൺ | ഡോ. ടി.എം. തോമസ് ഐസക്<br>ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി |

### 2019-2020 ബഡ്ജറ്റ് എസ്റ്റിമേറ്റ്

| | | |
|---|---|---|
| (എ) | 2019-2020 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം, നികുതിയേതര വരുമാനം എത്രയായിരുന്നു; വ്യക്തമാക്കുമോ ; | 2019-2020 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം 65784.60 കോടി രൂപയും നികുതിയേതര വരുമാനം 15070.07 കോടി രൂപയുമായിരുന്നു. |
| (ബി) | ഇതിൽ ഓരോ ഇനത്തിലും ഇതിനകം ലഭിച്ച തുക എത്ര എന്ന് വ്യക്തമാക്കുമോ ; | അക്കൗണ്ടന്റ് ജനറലിന്റെ 2019 ഡിസംബർ മാസത്തെ പ്രാരംഭ കണക്കുകൾ പ്രകാരം തനത് നികുതി വരുമാനമായി 37128.90 കോടി രൂപയും നികുതിയേതര വരുമാനമായി 7925.55 കോടി രൂപയുമാണ് ലഭിച്ചിട്ടുള്ളത്. |
| (സി) | പ്രസ്തുത ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം കേന്ദ്രനികുതി വിഹിതമായും കേന്ദ്ര ധനസഹായമായും പ്രതീക്ഷിച്ച തുക എത്രയായിരുന്നു; ഇതിൽ ഇതിനകം ഓരോ ഇനത്തിലും ലഭിച്ച തുക എത്രയാണെന്ന് വെളിപ്പെടുത്തുമോ ; | 2019-2020 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം കേന്ദ്രനികുതി വിഹിതമായി 22797.61 കോടി രൂപയും, കേന്ദ്ര ധനസഹായമായി 11702.43 കോടി രൂപയുമാണ് പ്രതീക്ഷിച്ചിരുന്നത്. അക്കൗണ്ടന്റ് ജനറലിന്റെ 2019 ഡിസംബർ മാസത്തെ പ്രാരംഭ കണക്കുകൾ പ്രകാരം കേന്ദ്രനികുതി വിഹിതമായി 11886.46 കോടി രൂപയും കേന്ദ്ര ധനസഹായമായി 5387.44 കോടി രൂപയുമാണ് ലഭിച്ചിട്ടുള്ളത്. |

അക്കൗണ്ട്സ് ഓഫീസർ